**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1170** **14-03-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരിയിലെ കെ.ആർ.എഫ്.ബി. മുഖാന്തരം നടത്തുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | (എ) | തലശ്ശേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖാന്തിരം നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെയും പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | തലശ്ശേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## തലശ്ശേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും സ്വീകരിച്ച നടപടികളും

### 1. തിരുവങ്ങാട് ചമ്പാട് റോഡ്

പ്രവൃത്തിയുടെ ഡി.പി.ആർ. 17.08.2019 ന് കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത പദ്ധതിക്കായി 66.79 കോടി രൂപയുടെ സാമ്പത്തികാനുമതി 15.02.2020-ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായുള്ള റവന്യൂ ഭരണാനുമതി G.O.(Rt)No.961/2022/RD പ്രകാരം 03.03.2022 ന് ലഭിച്ചിട്ടുണ്ട്. 08.03.2022-ന് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾക്കായി ടി കാര്യാലയത്തിൽ നിന്ന് 30 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

### 2. തലശ്ശേരി കൊടുവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ് - കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്

30.12.2017 ലെ G.O.(Rt)No.74/2017/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. iDeCK കൺസൾട്ടൻസി തയ്യാറാക്കിയ പ്രവൃത്തിയുടെ ഡി.പി.ആർ. 23.07.2020-ന് കിഫ്ബിയിൽ സമർപ്പിച്ചു. ആയത് പരിശോധിച്ച് കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി. റിപ്പോർട്ട് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഡി.പി.ആർ. iDeCK ഫീൽഡ് ഓഫീസിൽ സമർപ്പിച്ചത് പരിശോധനയിലാണ്. ഡി.പി.ആർ. പ്രകാരമുള്ള അലൈൻമെന്റ് പരിശോധിക്കുന്നതിന് എം.എൽ.എ.മാരുമായി ചർച്ചകൾ നടന്നുവരുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

### 3. പുളിഞ്ഞോളിക്കടവ് പാലം

31.10.2016 ലെ G.O.(Rt) No.1496/2016/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 19.11.2021 ലെ G.O.(Rt)No.1013/2021/PWD പ്രകാരം ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ആയതു പൂർത്തീകരിച്ചു വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുന്നതാണ്.

4. **കണ്ടച്ചിറ പാലം**

31.10.2016 ലെ G.O.(Rt)No.1496/2016/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 10.17 കോടി രൂപയുടെ സാമ്പത്തികാനുമതി 19.09.2017 ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇൻലാൻഡ് നാവിഗേഷൻ പാതയിൽ വരുന്നതിനാൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി, ആയതു പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്നതിനായി 03.11.2021 -ന് കെ.ആർ.എഫ്.ബി. യിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിനായുള്ള ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഈ പാലത്തിന്റെ ഡ്രാഫ്റ്റ് ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംങിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ആയതു ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിനെ 07.02.2022-ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

5. **വട്ടോളി പാലം & ചെക്ക പാലം**

പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 8.83 കോടി രൂപയുടെ സാമ്പത്തികാനുമതി 27.04.2018-ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 8.29 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.44/PWD001-15/PD/PMU-KRFB/2018-19, 15/10/2018 തീയതിയിൽ കരാർ നൽകി പ്രവൃത്തിയുടെ 65% പണികൾ പൂർത്തിയായി. പ്രവൃത്തിയുടെ ഡിസൈനിൽ വന്ന മാറ്റങ്ങളെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 25.11.2021 -ന് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർത്തിവച്ചിരിക്കുന്ന ചെക്കപാലത്തിന്റെ ജോലികൾ പുനരാരംഭിക്കുന്നതിന് കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ 15.02.2022 ന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## തലശ്ശേരി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങളും സ്വീകരിച്ച നടപടികളും

### 1. തിരുവങ്ങാട് ചമ്പാട് റോഡ്

പ്രവൃത്തിയുടെ ഡി.പി.ആർ. 17.08.2019 ന് കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത പദ്ധതിക്കായി 66.79 കോടി രൂപയുടെ സാമ്പത്തികാനുമതി 15.02.2020-ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായുള്ള റവന്യൂ ഭരണാനുമതി G.O.(Rt)No.961/2022/RD പ്രകാരം 03.03.2022 ന് ലഭിച്ചിട്ടുണ്ട്. 08.03.2022-ന് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾക്കായി ടി കാര്യാലയത്തിൽ നിന്ന് 30 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

### 2. തലശ്ശേരി കൊടുവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ് - കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്

30.12.2017 ലെ G.O.(Rt)No.74/2017/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. iDeCK കൺസൾട്ടൻസി തയ്യാറാക്കിയ പ്രവൃത്തിയുടെ ഡി.പി.ആർ. 23.07.2020-ന് കിഫ്ബിയിൽ സമർപ്പിച്ചു. ആയത് പരിശോധിച്ച് കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകി. റിപ്പോർട്ട് പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഡി.പി.ആർ. iDeCK ഫീൽഡ് ഓഫീസിൽ സമർപ്പിച്ചത് പരിശോധനയിലാണ്. ഡി.പി.ആർ. പ്രകാരമുള്ള അലൈൻമെന്റ് പരിശോധിക്കുന്നതിന് എം.എൽ.എ.മാരുമായി ചർച്ചകൾ നടന്നുവരുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

### 3. പുളിഞ്ഞോളിക്കടവ് പാലം

31.10.2016 ലെ G.O.(Rt) No.1496/2016/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 19.11.2021 ലെ G.O.(Rt)No.1013/2021/PWD പ്രകാരം ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ആയതു പൂർത്തീകരിച്ചു വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുന്നതാണ്.

4. **കണ്ടച്ചിറ പാലം**

31.10.2016 ലെ G.O.(Rt)No.1496/2016/PWD പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 10.17 കോടി രൂപയുടെ സാമ്പത്തികാനുമതി 19.09.2017 ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇൻലാൻഡ് നാവിഗേഷൻ പാതയിൽ വരുന്നതിനാൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തി, ആയതു പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്നതിനായി 03.11.2021 -ന് കെ.ആർ.എഫ്.ബി. യിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിനായുള്ള ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഈ പാലത്തിന്റെ ഡ്രാഫ്റ്റ് ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംങിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ആയതു ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിനെ 07.02.2022-ന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്തിമ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

5. **വട്ടോളി പാലം & ചെക്ക പാലം**

പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 8.83 കോടി രൂപയുടെ സാമ്പത്തികാനുമതി 27.04.2018-ന് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 8.29 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.44/PWD001-15/PD/PMU-KRFB/2018-19, 15/10/2018 തീയതിയിൽ കരാർ നൽകി പ്രവൃത്തിയുടെ 65% പണികൾ പൂർത്തിയായി. പ്രവൃത്തിയുടെ ഡിസൈനിൽ വന്ന മാറ്റങ്ങളെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 25.11.2021 -ന് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർത്തിവച്ചിരിക്കുന്ന ചെക്കപാലത്തിന്റെ ജോലികൾ പുനരാരംഭിക്കുന്നതിന് കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ 15.02.2022 ന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.